**MALANKARA JACOBITE SYRIAN SUNDAY SCHOOL ASSOCIATION**
( Under the Holy Apostolic See of Antioch and All the East ) Reg.No. ER/308/07
**KOTTAYAM DIOCESE**

https://mjssakottayamdiocese.com
https://www.facebook.com/M.J.S.S.A.KottayamDiocese
mjssakottayamdiocese@gmail.com

**AVINESH ABRAHAM THANDASSERIL**
**DIRECTOR**
MJSSA KOTTAYAM DIOCESE
9061200790

**No: KTYM/ D/ Academic / 18**

**Date : 19.05.2026**

---

## MJSSA കലോത്സവം 2026

### പ്ലസ് 1, പ്ലസ് 2 ( For Regular Students only)

# ലോകസമാധാനം ക്രൈസ്തവ വീക്ഷണത്തിൽ

റവ.ഫാ.കെ.കെ.തോമസ് കറുകപ്പടിയിൽ,
റവ.ഫാ.കുര്യൻ മാത്യു വടക്കേപ്പറമ്പിൽ എന്നിവരുടെ നേതൃത്വത്തിൽ
എം.ജെ.എസ്.എസ്.എ കോട്ടയം ഭദ്രാസന കമ്മിറ്റി തയ്യാറാക്കിയ പ്ലസ് വൺ,
പ്ലസ്ടു വിഭാഗത്തിനുള്ള മാതൃക പ്രസംഗങ്ങൾ

---------------------------------------- ---

**Prepared By**



**Rev. Fr. K. K. Thomas Karukappadiyil**

**Vicar**
**St.George Jacobite Syrian Church Kummanam**

**Assistant Vicar**
**St.George Jacobite Syrian Church Ullayam**



**Rev. Fr. Kurian Mathew Vadakkeparambil**

**Assistant Vicar**
**St.Mary's Jacobite Syrian Cathedral Manarcad**

KOTTAYAM
19.05.2026

**ഓരോ വിഷയത്തെക്കുറിച്ചും ഈ PDF ൽ നൽകിയിട്ടുള്ള എല്ലാ പ്രസംഗങ്ങളും (Page No: 2 to 11 ) കുട്ടികൾ വായിക്കുകയും, അദ്ധ്യാപകരുടെയും മാതാപിതാക്കളുടെയും സഹായത്തോടെ വിശുദ്ധ ഗ്രന്ഥത്തിൽ നിന്നുള്ള വാക്യങ്ങളിൽ കൂടി (Page No: 12 to 14 ) ഉൾപ്പെടുത്തി പ്രസംഗം പുനർക്രമീകരിക്കുവാനും പ്രത്യേകം ശ്രദ്ധിക്കുമല്ലോ. ആമുഖത്തിൽ പ്രസംഗവുമായി ബന്ധപ്പെട്ട, വിഷയത്തിലേക്ക് നയിക്കുന്ന ഒരു ആനുകാലിക സംഭവവും ഉൾപ്പെടുത്തിയാൽ ഉചിതമാവും. ഓരോ വിഭാഗത്തിലും പ്രസംഗത്തിനുള്ള സമയക്രമീകരണവും മനസിലാക്കുക**

**( XI / XII – 5 Minutes )**

# പ്രസംഗം - 1

ത്രിയേക ദൈവത്തിന് സ്തുതി. ഇന്ന് നമുക്ക് പ്രസംഗത്തിനായി ലഭിച്ചിരിക്കുന്ന വിഷയം ഏറെ കാലിക പ്രസക്തമായ ‘ ലോകസമാധാനം ക്രൈസ്തവ വീക്ഷണത്തിൽ ' എന്നുള്ളതാണല്ലോ. അതിനെക്കുറിച്ച് എന്റെ ചില വിചിന്തനങ്ങൾ നിങ്ങളുമായി പങ്കുവയ്ക്കട്ടെ.

നാം ജീവിക്കുന്ന ഈ ലോകം പുരോഗതിയുടെയും സാങ്കേതിക വിദ്യയുടെയും ഔന്നത്യത്തിൽ നില്ക്കുമ്പോഴും സമാധാനം എന്നത് മനുഷ്യനെ സംബന്ധിച്ചിടത്തോളം ഒരു പ്രഹേളികയായി തുടരുന്നു. സംഘർഷങ്ങൾ, യുദ്ധങ്ങൾ, വൈരാഗ്യം, അനീതികൾ, വിഭജനങ്ങൾ തുടങ്ങിയവ മനുഷ്യകുലത്തെ അനുദിനം ശിഥിലമാക്കുന്നു. ഈ സാഹചര്യത്തിൽ സകല ബുദ്ധിയേയും കവിയുന്ന ദൈവികസമാധാനം ലോകത്തിന് പകർന്നു തന്ന സമാധാന പ്രഭുവായ യേശുക്രിസ്തുവിലേക്ക് ശ്രദ്ധയൂന്നി ആ സമാധാനത്തിന്റെ വൈശിഷ്ട്യതകളെ മനസ്സിലാക്കാൻ നമുക്ക് പരിശ്രമിക്കാം.

വിശുദ്ധ ഗ്രന്ഥത്തിൽ പഴയനിയമ ഭാഗത്ത് **ഹീബ്രു ഭാഷയിൽ സമാധാനത്തിന് ഉപയോഗിച്ചിരിക്കുന്ന പദം 'ഷാലോം' (Shalom)** എന്നതാണ്. ആ പദം കേവലമായ സമാധാനത്തിനുപരിയായി സമ്പൂർണ്ണത അഥവാ പൂർണ്ണത (**wholeness**), ക്ഷേമം/നന്മ **(well being**), ഐശ്വര്യം/സമൃദ്ധി (**prosperity**), സുരക്ഷ/സംരക്ഷണം (**safety**), ദൈവത്തോടും മനുഷ്യരോടുമുള്ള ശരിയായ ബന്ധം, ഐക്യം/സൗഹൃദം (**Harmony - right relationship**) തുടങ്ങിയ ആഴമായ അർത്ഥതലങ്ങളെ സൂചിപ്പിക്കുന്നതാണ്. പുതിയ നിയമത്തിൽ ഈ അർത്ഥം സംവേദനം ചെയ്യുന്ന ഗ്രീക്ക് പദമാണ് **'Airene'** (ഐറേനേ).

യേശുക്രിസ്തുവിലൂടെ ലഭിച്ച സമാധാന വിളിയെ ശുദ്ധമുള്ള പൗലോസ് ശ്ലീഹാ റോമർക്ക് എഴുതിയ ലേഖനം അഞ്ചാം അദ്ധ്യായം ഒന്നാം വാക്യത്തിൽ നാം ഇങ്ങനെ വായിക്കുന്നു: *"ഇങ്ങനെ വിശ്വാസം മൂലം നാം*

*<u>നീതീകരിക്കപ്പെട്ടിട്ടുള്ളതിനാൽ നമ്മുടെ കർത്താവേശു മ്ശീഹാമൂലം നമുക്ക് ദൈവസന്നിധിയിൽ സമാധാനമുണ്ടാകും."</u>* **( റോമർ 5:1)**

ലോകത്തിന്റെ ചിന്താധാരയിൽ സമാധാനം അപ്രാപ്യമായ ഒന്നാണെങ്കിൽ യേശുക്രിസ്തുവിനെ ചേർത്തുപിടിച്ച് യാത്ര ചെയ്യുമ്പോൾ ദൈവകൃപാനിറവുള്ള സമാധാനം ലഭിക്കും. **ആ ദൈവകൃപാനിറവുള്ള സമാധാനത്തിന് അഞ്ച് വൈശിഷ്ട്യതകളാണുള്ളത്:**

പ്രഥമവും പ്രധാനവുമായ കാര്യം ക്രൈസ്തവ വിശ്വാസത്തിന്റെ അടിസ്ഥാന പ്രമാണം തന്നെ **വി. യോഹന്നാൻ 14:27**-ൽ പറഞ്ഞിരിക്കുന്നത് പോലെ **സമാധാനത്തിന്റെ ഉറവിടം ദൈവമാണെന്ന ചിന്തയാണ്**. *<u>"സമാധാനം നിങ്ങൾക്കായി ഞാൻ വച്ചിട്ടു പോകുന്നു. എന്റെ സമാധാനം ഞാൻ നിങ്ങൾക്ക് തരുന്നു. ലോകം തരുന്നത് പോലെയല്ല; ഞാൻ നിങ്ങൾക്ക് തരുന്നത്. നിങ്ങളുടെ ഹൃദയം കലങ്ങരുത്; ഭയപ്പെടുകയുമരുത്.</u>*" ഈ വചനഭാഗം ഓർമ്മപ്പെടുത്തുന്നത് പോലെ ലോകം നൽകുന്ന സമാധാനം താല്ക്കാലികവും സാഹചര്യാധീതവുമാണ്. എന്നാൽ **ക്രിസ്തു നൽകുന്ന സമാധാനം സാഹചര്യം മാറിയാലും നിലനിൽക്കുന്ന ഉള്ളിലെ സമാധാനമാണ്.**

സമാധാനം സംബന്ധിച്ച് അടുത്തതായി നാം ബോധ്യപ്പെടേണ്ട വസ്തുത അത് **ഓരോ വ്യക്തിഹൃദയങ്ങളിൽ ആരംഭിക്കണം** എന്നുള്ളതാണ്. വ്യക്തികളുടെ ഉള്ളിൽ കോപം, അസൂയ, അഹങ്കാരം, സ്വാർത്ഥത തുടങ്ങിയവ നിറഞ്ഞിരിക്കുമ്പോൾ, ആ വ്യക്തികളുടെ കൂട്ടായ്മയായ ലോകത്തിൽ എങ്ങനെയാണ് സമാധാനം ഉണ്ടാവുക? വിവേകം കൊണ്ട് വികാരങ്ങളെ കീഴ്പ്പെടുത്തുവാൻ പറ്റുമ്പോഴാണ് മനുഷ്യന് സമാധാനം സാധ്യമാക്കുവാൻ പറ്റുന്നത്. അതുകൊണ്ടാണ് **വി. മത്തായി 5:9**-ൽ ഗിരിപ്രഭാഷണത്തിൽ ഇപ്രകാരം പറയുന്നത് *<u>"സമാധാനം വരുത്തുന്നവർ ഭാഗ്യവാന്മാർ".</u>* **ദൈവീക പുണ്യങ്ങളായ ക്ഷമ, സ്നേഹം, കരുണ എന്നിവ കൊണ്ട് നാം സമാധാനത്തിന് അടിസ്ഥാനമിട്ട്** ഹൃദയത്തെ ദൈവോന്മുഖമാക്കണം.

മൂന്നാമതായി ക്രൈസ്തവ ദൃഷ്ടിയിൽ **സമാധാനം സ്നേഹവുമായി ബന്ധപ്പെട്ടിരിക്കുന്നു**. **വി. മത്തായി 5:44**-ൽ ശത്രുക്കളെ സ്നേഹിക്കാനും ഉപദ്രവിക്കുന്നവർക്ക് വേണ്ടി പ്രാർത്ഥിക്കാനും പഠിപ്പിക്കുന്നു. *<u>"ഞാനോ നിങ്ങളോട് പറയുന്നു. നിങ്ങളുടെ ശത്രുക്കളെ സ്നേഹിക്കണം, നിങ്ങളെ ശപിക്കുന്നവനെ അനുഗ്രഹിക്കണം. നിങ്ങളെ വെറുക്കുന്നവർക്ക് നിങ്ങൾ നന്മ ചെയ്യണം. നിങ്ങളെ ബലാൽക്കാരമായി കൊണ്ട് പോയി പീഡിപ്പിക്കുന്നവർക്ക് വേണ്ടി നിങ്ങൾ പ്രാർത്ഥിക്കണം".</u>* യേശു തമ്പുരാൻ സമാധാനത്തെക്കുറിച്ച് നമുക്ക് തന്നിരിക്കുന്ന മാർഗ്ഗനിർദ്ദേശം ശത്രുക്കളെ സ്നേഹം കൊണ്ട് നേടുവാനാണ്. ഇത് മനുഷ്യ ചിന്തക്ക് യുക്തിഭദ്രമല്ലെന്ന് തോണാമെങ്കിലും **ലോകസമാധാനത്തിന് സ്നേഹവും ക്ഷമയും**

**മാത്രമാണ് ബന്ധങ്ങളെ പുനഃസ്ഥാപിക്കാനുള്ള പ്രതിവിധി**. പ്രതികാരം ഒന്നിനും പരിഹാരമല്ല എന്ന് അനുദിനം നാം കണ്ടുകൊണ്ടിരിക്കുകയാണല്ലോ.

നാലാമതായി, **നീതി കൂടാതെയുള്ള സമാധാനം യഥാർത്ഥ സമാധാനമല്ല** എന്ന ചിന്തയാണ്. സമൂഹത്തിൽ അസമത്വം, അനീതി, ദാരിദ്ര്യം, ചൂഷണം എന്നിവ നിലനിൽക്കുന്നിടത്ത് സമാധാനം എങ്ങനെയാണ് സാധ്യമാവുക. **ഏശായാ പ്രവചനം 32:17** പ്രകാരം *"നീതിയുടെ പ്രവൃത്തി സമാധാനവും നീതിയുടെ ഫലം ശാശ്വത വിശ്രമവും നിർഭയത്വവും ആയിരിക്കും."* ക്രൈസ്തവ വീക്ഷണത്തിൽ ദൈവരാജ്യ ദർശനത്തിലൂന്നിയ എല്ലാ മനുഷ്യനിർമ്മിത അതിർവരമ്പുകളേയും ഉല്ലംഘിക്കുന്ന **ദൈവീക നീതിയിലടിസ്ഥാനപ്പെട്ടുണ്ടാകുന്ന സമാധാനമാണ് ലോകസമാധാനത്തിന് അഭികാമ്യം.**

അഞ്ചാമതായി, യേശുക്രിസ്തുവിന്റെ പുനർമാനവീകരണ (Rehumanization) പ്രക്രിയ ഈ ലോകത്ത് തുടരാൻ നിയോഗിച്ച **സഭയുടെ നിലപാടും** ലോകസമാധാന യത്നത്തിൽ വളരെ പ്രധാനമാണ്. പ്രാർത്ഥനയും പ്രാർത്ഥനയിലൂന്നിയ സന്നദ്ധ സേവനപ്രവർത്തനങ്ങളും വഴി മനുഷ്യർക്കിടയിൽ സ്നേഹവും ഐക്യവും വളർത്താൻ സാധിക്കുമ്പോഴാണ് സഭ ദൗത്യനിറവുള്ളതാകുന്നത്.

ചുരുക്കത്തിൽ, **നമ്മെത്തന്നെ നവീകരിക്കുകയും ദൈവവുമായി സജീവ ബന്ധം പുലർത്തുകയും ചെയ്യുമ്പോൾ മാത്രമേ ലോകസമാധാനം ക്രൈസ്തവ വീക്ഷണത്തിൽ സാധ്യമാകൂ**. നാമോരോരുത്തരും ദൈവത്തോട് സജീവബന്ധമുള്ളവരായി, സ്നേഹ നിറമുള്ളവരായി; ക്ഷമ, കരുണ തുടങ്ങിയ ആത്മഫലങ്ങളാൽ നിറഞ്ഞവരായി, നീതിബോധമുള്ളവരായി, വി.സഭയുടെ പ്രജകൾ എന്ന നിലയിൽ പ്രാർത്ഥനയാൽ ഉജ്വലിക്കപ്പെടുന്ന പുണ്യ പ്രവർത്തികളുടെ നിറവുള്ള ജീവിതത്തിന്റെ ഉടമകളായി തീരുമ്പോൾ അപ്രാപ്യമെന്ന് തോന്നാവുന്ന സമാധാനം സ്വായത്തമാക്കാൻ സാധിക്കും. സ്നേഹം, ക്ഷമ, കരുണ, നീതിബോധം എന്നിവയാൽ നിറഞ്ഞ ജീവിതത്തിലൂടെ അപ്രാപ്യമെന്ന് തോന്നാവുന്ന സമാധാനം നമുക്ക് സ്വായത്തമാക്കാം. കൗമാരത്തിൽ നിന്ന് യൗവനത്തിലേക്ക് കാലെടുത്ത് വയ്ക്കുന്ന നമുക്ക്, **ലോകസമാധാനത്തിന് വേണ്ടി ഞാൻ എന്റെ ഭാഗം വഹിക്കും എന്ന പ്രതിജ്ഞയോടെ** മുന്നേറാം.

നിർത്തട്ടെ നന്ദി, നമസ്ക്കാരം. ജയ് ക്രൈസ്റ്റ്

-----------------------------------------------------------------------------------------

## ++പ്രസംഗം – 2++

ത്രിയേക ദൈവത്തിന് സ്തുതി. ഇന്ന് നമുക്ക് പ്രസംഗത്തിനായി ലഭിച്ചിരിക്കുന്ന വിഷയം ‘ ലോകസമാധാനം ക്രൈസ്തവ വീക്ഷണത്തിൽ ' എന്നുള്ളതാണല്ലോ. അതിനെക്കുറിച്ച് എന്റെ ചില ചിന്തകൾ നിങ്ങളുമായി പങ്കുവയ്ക്കട്ടെ.

മനുഷ്യരാശി എക്കാലവും അന്വേഷിച്ചുകൊണ്ടിരിക്കുന്ന ഒന്നാണ് സമാധാനം. എന്നാൽ ക്രിസ്തു ലോകത്തിന് കാണിച്ചുതരുന്ന സമാധാനം ലോകം നൽകുന്നതുപോലെയല്ല. **യോഹന്നാന്റെ സുവിശേഷം 14:27**-ൽ ക്രിസ്തു വ്യക്തമായി പറയുന്നു: *"സമാധാനം നിങ്ങൾക്കായി ഞാൻ വച്ചിട്ടു പോകുന്നു. എന്റെ സമാധാനം ഞാൻ നിങ്ങൾക്ക് തരുന്നു. ലോകം തരുന്നത് പോലെയല്ല; ഞാൻ നിങ്ങൾക്ക് തരുന്നത്. നിങ്ങളുടെ ഹൃദയം കലങ്ങരുത്; ഭയപ്പെടുകയുമരുത്."* എന്താണ് ക്രിസ്തു വിഭാവനം ചെയ്ത ഈ വേറിട്ട സമാധാനം? അത് വെറുമൊരു നിശബ്ദതയോ യുദ്ധമില്ലാത്ത അവസ്ഥയോ മാത്രമല്ല, **അതൊരു വലിയ 'സൗഖ്യമാക്കൽ' (Healing) പ്രക്രിയയാണ്**.

ക്രിസ്തുവിന്റെ ജീവിതവും മരണവും ഉയർത്തെഴുന്നേൽപും പരിശോധിച്ചാൽ അവയെല്ലാം സമാധാനത്തിന് വേണ്ടിയായിരുന്നു എന്ന് നമുക്ക് കാണാം. **ജീവിതത്തിൽ സമാധാനം ലഭിക്കണമെങ്കിൽ ലോകത്തിലെ ക്രമീകരണം തന്നെ മാറണമെന്ന് പഠിപ്പിച്ച ആളാണ് ക്രിസ്തു**. **അസ്വസ്ഥത നിറഞ്ഞ സാഹചര്യങ്ങളെ സ്വസ്ഥതയിലേക്ക് നയിക്കുന്ന ക്രിസ്തുവിനെയാണ്** സുവിശേഷങ്ങളിൽ നാം കാണുന്നത്. മനുഷ്യന്റെ സ്വസ്ഥത തകർക്കുന്ന ദാരിദ്ര്യം, രോഗം, സ്ത്രീ-പുരുഷ വിവേചനം, കുഞ്ഞുങ്ങളോടുള്ള അവഗണന എന്നിവയെല്ലാം സമാധാനത്തിന് വലിയ വെല്ലുവിളിയാണെന്ന് അദ്ദേഹം പ്രഖ്യാപിച്ചു. എവിടെയൊക്കെ അസ്വസ്ഥതകൾ ഉണ്ടോ അവിടെയൊക്കെ ക്രിസ്തു സൗഖ്യം (Healing) നൽകി.

വ്യക്തികൾ തമ്മിലുള്ള അകലം കുറയുന്നതാണ് സമാധാനം. ദാരിദ്ര്യത്തിൽ നിന്ന് സമൃദ്ധിയിലേക്കും, അസ്വസ്ഥതയിൽ നിന്ന് സ്വസ്ഥതയിലേക്കുമുള്ള മാറ്റത്തിലൂടെ മാത്രമേ സമാധാനം സ്ഥാപിക്കാൻ കഴിയൂ എന്ന് സുവിശേഷം നമ്മെ പഠിപ്പിക്കുന്നു. **അസമത്വത്തിൽ നിന്ന് സമത്വത്തിലേക്കും, അസ്വസ്ഥതയിൽ നിന്ന് സ്വസ്ഥതയിലേക്കുമുള്ള മനുഷ്യന്റെ വളർച്ചയാണ് സമാധാനത്തിന്റെ അടിസ്ഥാനം**. ഈ മാറ്റത്തിലൂടെ മാത്രമേ യഥാർത്ഥ സമാധാനം സ്ഥാപിക്കാൻ കഴിയൂ എന്ന് ക്രിസ്തു ലോകത്തെ പഠിപ്പിച്ചു.

ഇന്ന് നാം ലോകത്ത് കാണുന്ന മനുഷ്യവിരുദ്ധ പ്രവർത്തനങ്ങളായ യുദ്ധങ്ങളും കലാപങ്ങളും അസ്വസ്ഥമായ മനുഷ്യഹൃദയങ്ങളുടെ ബാഹ്യരൂപങ്ങളാണ്. ഹൃദയത്തിൽ സമാധാനമില്ലാത്തവർ ലോകത്ത് സമാധാനം സ്ഥാപിക്കുമെന്ന് കരുതുന്നത് മിഥ്യയാണ്. അതുകൊണ്ട് തന്നെ, **ക്രിസ്തു വിഭാവനം ചെയ്ത ഈ സൗഖ്യമാക്കൽ ആദ്യം തുടങ്ങേണ്ടത് ഓരോ വ്യക്തിയുടെയും ഹൃദയങ്ങളിലാണ്**. വ്യക്തിജീവിതത്തിൽ തുടങ്ങുന്ന ഈ സമാധാനം കുടുംബങ്ങളിലേക്ക് പടരണം. അവിടെ നിന്ന് അത് സമൂഹങ്ങളിലേക്കും വ്യാപിക്കണം. പ്രസിദ്ധ റഷ്യൻ ചിന്തകൻ **ലിയോ ടോൾസ്റ്റോയി തന്റെ 'യുദ്ധവും സമാധാനവും'** എന്ന കൃതിയിൽ ഇതേ ആശയമാണ് പങ്കുവെക്കുന്നത്. സമാധാനം എന്നത് ബാഹ്യമായ ഒരു ഉടമ്പടിയല്ല, മറിച്ച് അത് നമ്മുടെ ഉള്ളിൽ നിന്ന് വളർന്നു വരേണ്ട ഒന്നാണ്. **സ്വന്തം ഉള്ളിൽ സമാധാനം വളർത്തിയെടുക്കുന്ന വ്യക്തിത്വങ്ങൾക്കേ ലോകത്തെ ദൈവരാജ്യത്തിന്റെ അനുഭവത്തിലേക്ക് നയിക്കാൻ സാധിക്കൂ.**

കഴിഞ്ഞ 2000 വർഷത്തെ ചരിത്രം പരിശോധിച്ചാൽ ലോകം ഇന്നും അശാന്തിയുടെ നിഴലിലാണ്. **ഇറാനിലും യുക്രെയ്നിലും ഗസ്സയിലും നാം കാണുന്ന യുദ്ധങ്ങൾ** ക്രിസ്തുവിന്റെ ചിന്തകളെ ഉൾക്കൊള്ളാൻ നമുക്ക് കഴിയാത്തതിന്റെ ഫലമാണ്. സഭകളും സമൂഹങ്ങളും വ്യക്തികളും ക്രിസ്തുവിന്റെ സമാധാനത്തിന്റെ വക്താക്കളായി മാറേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

നമ്മുടെ കുട്ടികൾക്കും, യുവാക്കൾക്കും, പ്രായമായവർക്കും മാത്രമല്ല, **പ്രകൃതിയിലെ സകല ജീവജാലങ്ങൾക്കും സന്തോഷത്തോടെ കഴിയാൻ സാധിക്കുന്ന ഒരു ലോകമാണ്** ക്രിസ്തു സ്വപ്നം കണ്ട ദൈവരാജ്യം. അത്തരമൊരു ലോകത്തെ പടുത്തുയർത്തുക എന്ന വലിയ ഉത്തരവാദിത്തമാണ് ക്രിസ്തു നമ്മെ ഏൽപ്പിച്ചിരിക്കുന്നത്.

സമാധാനം എന്നത് ആർജ്ജിച്ചെടുക്കേണ്ട ഒന്നല്ല, പകരം അത് ഓരോ ഹൃദയത്തിലും മുളപൊട്ടി പ്രവൃത്തികളിലൂടെ പുറത്തേക്ക് ഒഴുകേണ്ട സൗഖ്യമാണ്. **നമ്മുടെ ഉള്ളിലെ അസ്വസ്ഥതകളെ ക്രിസ്തുവിന്റെ സ്നേഹം കൊണ്ട് സൗഖ്യമാക്കാം**. അങ്ങനെ നമുക്ക് ചുറ്റുമുള്ള ലോകത്തെ സമാധാനത്തിന്റെയും സന്തോഷത്തിന്റെയും സമൃദ്ധിയുടെയും ഒരു പുതിയ ആകാശവും പുതിയ ഭൂമിയുമായി മാറ്റിയെടുക്കാം.

ദൈവം നമ്മെ അനുഗ്രഹിക്കട്ടെ. നന്ദി.

Kottayam Diocese Kottayam Diocese Kottayam Diocese

---

## പ്രസംഗം – 3

ആദരണീയരായ അദ്ധ്യാപകരേ, ക്രിസ്തുവിൽ പ്രിയപ്പെട്ടവരേ... ഇന്ന് നമുക്ക് പ്രസംഗത്തിനായി ലഭിച്ചിരിക്കുന്ന വിഷയം ഏറെ കാലിക പ്രസക്തമായ ‘ ലോകസമാധാനം ക്രൈസ്തവ വീക്ഷണത്തിൽ ' എന്നുള്ളതാണല്ലോ. അതിനെക്കുറിച്ച് എന്റെ ചില വിചിന്തനങ്ങൾ നിങ്ങളുമായി പങ്കുവയ്ക്കട്ടെ.

ഇന്ന് **ലോകം ഏറ്റവും അധികം ആഗ്രഹിക്കുന്നതും, അതേസമയം ഏറ്റവും കുറച്ച് അനുഭവിക്കുന്നതുമായ** ഒരു കാര്യമുണ്ട് — സമാധാനം. യുദ്ധങ്ങൾ, ഭീകരത, കുടുംബ തർക്കങ്ങൾ, രാഷ്ട്രീയ വിഭജനങ്ങൾ, മതസ്പർദ്ധ, മനുഷ്യന്റെ ഉള്ളിലെ അസ്വസ്ഥത — എല്ലാം നമ്മോട് ഒരേയൊരു സത്യം വിളിച്ചുപറയുന്നു: ലോകത്തിന് സമാധാനം വേണം. പക്ഷേ ഒരു ചോദ്യം ഉയരുന്നു: **“ലോകസമാധാനം എവിടെ നിന്നാണ് വരിക?”** ആയുധങ്ങൾ കുറച്ചാൽ മതിയോ? കരാറുകൾ ഒപ്പുവെച്ചാൽ മതിയോ? അതോ മനുഷ്യന്റെ ഹൃദയത്തിൽ ഒരു മാറ്റം വേണമോ? ക്രൈസ്തവ വീക്ഷണം നമ്മോട് പറയുന്നത് വളരെ വ്യക്തമാണ് —**യഥാർത്ഥ സമാധാനം മനുഷ്യഹൃദയത്തിൽ ആരംഭിച്ച് ലോകത്തിലേക്ക് പകരുന്നതാണ്. അതിന്റെ ഉറവിടം ദൈവമാണ്.**

വിശുദ്ധ ബൈബിളിൽ പ്രവാചകൻ യെശയ്യാവു യേശുവിനെ കുറിച്ച് പ്രവചിക്കുമ്പോൾ ഇങ്ങനെ പറയുന്നു: *“സമാധാനത്തിന്റെ രാജാവ് എന്ന് അവൻ വിളിക്കപ്പെടും” **ഏശായാ 9:6*** ക്രിസ്തു ഈ ലോകത്തിലേക്ക് വന്നത് അധികാരം സ്ഥാപിക്കാനല്ല, സമാധാനം സ്ഥാപിക്കാനാണ്. യേശു തന്റെ ശിഷ്യന്മാരോട് പറഞ്ഞു: *"സമാധാനം നിങ്ങൾക്കായി ഞാൻ വച്ചിട്ടു പോകുന്നു. എന്റെ സമാധാനം ഞാൻ നിങ്ങൾക്ക് തരുന്നു. ലോകം തരുന്നത് പോലെയല്ല; ഞാൻ നിങ്ങൾക്ക് തരുന്നത്. നിങ്ങളുടെ ഹൃദയം കലങ്ങരുത്; ഭയപ്പെടുകയുമരുത്."* — **യോഹന്നാൻ 14:27** ഇവിടെ യേശു പറയുന്ന സമാധാനം സാധാരണ ലോക സമാധാനം അല്ല. പുറത്ത് കൊടുങ്കാറ്റ് ഉണ്ടെങ്കിലും ഉള്ളിൽ ശാന്തത നൽകുന്ന സമാധാനമാണ് അത്. ഇന്ന് ലോകം പുറത്തുള്ള സമാധാനം അന്വേഷിക്കുന്നു. പക്ഷേ ക്രിസ്തീയ ദർശനം പറയുന്നു — ആദ്യം ഹൃദയത്തിൽ സമാധാനം വേണം.

**ഒരു ചെറിയ കഥ പറയാം**. ഒരു രാജാവ് തന്റെ രാജ്യത്ത് സമാധാനം ഇല്ലാത്തതിൽ ദുഃഖിച്ചു. അദ്ദേഹം ഒരു വലിയ മത്സരം നടത്തി — “സമാധാനത്തിന്റെ ചിത്രം വരയ്ക്കുക.” ഒരാൾ വരച്ചത് മനോഹരമായ തടാകം, മലകൾ, പക്ഷികൾ — എല്ലാം ശാന്തം. മറ്റൊരാൾ വരച്ചത് വലിയ കൊടുങ്കാറ്റ്, ഇടിമിന്നൽ, പാറകളിൽ പതിക്കുന്ന വെള്ളച്ചാട്ടം. എന്നാൽ ആ പാറയുടെ ഇടിവിൽ ഒരു ചെറിയ പക്ഷി ശാന്തമായി കൂട് ഉണ്ടാക്കി ഇരിക്കുന്നു. രാജാവ് രണ്ടാമത്തെ ചിത്രമാണ് തിരഞ്ഞെടുത്തത്. അദ്ദേഹം പറഞ്ഞു: **“പ്രശ്നങ്ങളില്ലാത്ത അവസ്ഥയല്ല സമാധാനം; പ്രശ്നങ്ങൾക്കിടയിലും**

**മനസ്സ് ദൈവത്തിൽ ഉറച്ചുനിൽക്കുന്നതാണ് യഥാർത്ഥ സമാധാനം.”** ഇന്ന് ലോകം പുറത്തെ യുദ്ധം അവസാനിപ്പിക്കാൻ ശ്രമിക്കുന്നു. എന്നാൽ ക്രിസ്തു ആദ്യം മനുഷ്യന്റെ ഉള്ളിലെ യുദ്ധം അവസാനിപ്പിക്കാൻ വിളിക്കുന്നു. കോപം, അസൂയ, വൈരം, പ്രതികാരം — ഇവ അവസാനിക്കുമ്പോൾ ലോകവും മാറും.

യേശു മലമുകളിൽ പ്രസംഗിക്കുമ്പോൾ പറഞ്ഞ ഒരു മഹത്തായ വചനം: *“സമാധാനം വരുത്തുന്നവർ ഭാഗ്യവാന്മാർ, അവർ ദൈവമക്കൾ എന്ന് വിളിക്കപ്പെടും.”* **വി. മത്തായി 5:9** ക്രൈസ്തവ വിശ്വാസത്തിൽ സമാധാനം ഒരു ആശയം മാത്രമല്ല — ഒരു ഉത്തരവാദിത്വമാണ്. നാം നമ്മുടെ കുടുംബത്തിൽ സമാധാനം ഉണ്ടാക്കുന്നവരാണോ? സഭയിൽ? സമൂഹത്തിൽ? ജോലിസ്ഥലത്ത്? നമ്മുടെ വാക്കുകൾ കൊണ്ട് ആളുകളെ മുറിപ്പെടുത്തുകയാണോ, ചേർക്കുകയാണോ? കാരണം ചിലപ്പോൾ ഒരു യുദ്ധം തുടങ്ങാൻ ഒരു വാക്ക് മതി; സമാധാനം കൊണ്ടുവരാൻ ഒരു ക്ഷമ ചോദിക്കൽ മതി.

യേശു പറഞ്ഞ **നല്ല ശമര്യക്കാരന്റെ ഉപമ** ലോകസമാധാനത്തിന്റെ വലിയ പാഠമാണ്. **(വി. ലൂക്കോസ് 10:25–37)** മതം, ജാതി, വിഭാഗം നോക്കാതെ പരിക്കേറ്റ മനുഷ്യനെ സഹായിച്ച ശമര്യക്കാരൻ നമ്മെ പഠിപ്പിക്കുന്നത്: മനുഷ്യനെ സ്നേഹിക്കുമ്പോൾ സമാധാനം വളരും. ഇന്ന് ലോകത്തിലെ പല സംഘർഷങ്ങളും “ഞാനും നീയും” എന്ന വിഭജനത്തിൽ നിന്നാണ്. പക്ഷേ ക്രിസ്തു പഠിപ്പിച്ചത്: *“നീ നിന്നെ എന്ന പോലെ തന്നെ നിന്റെ അയൽക്കാരനേയും സ്നേഹിക്കണം.”* **വി.മർക്കോസ് 12:31** ഒരു അമ്മ തന്റെ മകനെ യുദ്ധത്തിൽ നഷ്ടപ്പെടുത്തി. എല്ലാവരും പ്രതികാരം പ്രതീക്ഷിച്ചു. എന്നാൽ അവർ പറഞ്ഞ വാക്ക് ലോകത്തെ ഞെട്ടിച്ചു: “എന്റെ മകനെ തിരികെ കിട്ടില്ല; മറ്റൊരു അമ്മയും ഇതേ വേദന അനുഭവിക്കരുത്.” അതാണ് ക്രിസ്തീയ സ്നേഹം. പ്രതികാരത്തിനു പകരം ക്ഷമ. വൈരത്തിനു പകരം സ്നേഹം. യുദ്ധത്തിനു പകരം സമാധാനം. യേശു ക്രൂശിൽ കിടന്നുകൊണ്ട് പോലും പറഞ്ഞു: *“ പിതാവേ, ഇവരോട് ക്ഷമിക്കണമേ”* **വി. ലൂക്കോസ് 23:34** അതൊരു അത്ഭുത സന്ദേശമാണ് — ക്ഷമയില്ലാതെ സമാധാനം ഉണ്ടാകില്ല.

**ക്രൈസ്തവ വീക്ഷണത്തിൽ ലോകസമാധാനം നേടാൻ മൂന്നു കാര്യങ്ങൾ ആവശ്യമാണ്:**

***1) ദൈവത്തോടുള്ള സമാധാനം***

മനുഷ്യൻ ദൈവത്തിൽ നിന്ന് അകന്നപ്പോൾ അസ്വസ്ഥത വന്നു. പ്രാർത്ഥനയും വിശ്വാസവും മനുഷ്യനെ ദൈവത്തോട് അടുപ്പിക്കും. *“ഒന്നിനെക്കുറിച്ചും നിങ്ങൾ വിചാരപ്പെടേണ്ട.... ദൈവത്തിന്റെ സമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും ബോധങ്ങളെയും യേശുമ്ശീഹായിൽ കാത്തുകൊള്ളട്ടെ.”* **ഫിലിപ്പിയർ 4:6–7**

**2) മറ്റുള്ളവരോടുള്ള സമാധാനം**

വിദ്വേഷം, മതസ്പർദ്ധ, ജാതിവ്യത്യാസം ഉപേക്ഷിക്കണം. *"നിങ്ങൾക്ക് കഴിവുള്ളിടത്തോളം എല്ലാ മനുഷ്യരോടും സമാധാനത്തോടെ വസിക്കണം"* — **റോമർ 12:18**

**3) ഉള്ളിലെ സമാധാനം**

ദൈവവിശ്വാസമുള്ള മനസ്സ് തകർന്നുപോകില്ല.

പ്രിയമുള്ളവരേ, **ലോകസമാധാനം ഐക്യരാഷ്ട്രസഭയുടെ മീറ്റിംഗിൽ മാത്രം ആരംഭിക്കുന്നതല്ല**. അത് എന്റെ ഹൃദയത്തിൽ, എന്റെ വീട്ടിൽ, എന്റെ സഭയിൽ ആരംഭിക്കണം. ഒരു മെഴുകുതിരി ഇരുട്ടിനെ മുഴുവൻ മാറ്റില്ല; പക്ഷേ ഒരു പ്രകാശം മറ്റൊന്നിനെ തെളിയിക്കും. അതുപോലെ, ഒരു സമാധാനമുള്ള മനുഷ്യൻ ഒരു കുടുംബത്തെ മാറ്റും; ഒരു കുടുംബം ഒരു സമൂഹത്തെ മാറ്റും; ഒരു സമൂഹം ലോകത്തെ മാറ്റും. അതിനാൽ ഇന്ന് നമുക്ക് തീരുമാനിക്കാം: **"ഞാൻ സമാധാനത്തിന്റെ ഉപകരണമാകും. വൈരമുള്ളിടത്ത് സ്നേഹം വിതയ്ക്കുവാൻ എന്നെ ഉപകരണമാക്കേണമേ..."** അവസാനമായി യേശുവിന്റെ വാക്കുകൾ ഓർമ്മിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു: *"സമാധാനം നിങ്ങൾക്കായി ഞാൻ വച്ചിട്ടു പോകുന്നു. എന്റെ സമാധാനം ഞാൻ നിങ്ങൾക്ക് തരുന്നു."* — **യോഹന്നാൻ 14:27** ദൈവം നമ്മെ സമാധാനത്തിന്റെ ദൂതന്മാരാക്കട്ടെ. നന്ദി, നമസ്ക്കാരം. ജയ് ക്രൈസ്റ്റ്

Kottayam Diocese Kottayam Diocese Kottayam Diocese

---

## പ്രസംഗം – 4

ആദരണീയരായ അദ്ധ്യാപകരേ, ക്രിസ്തുവിൽ പ്രിയപ്പെട്ടവരേ... എല്ലാവർക്കും ക്രിസ്തുവിന്റെ സമാധാന വന്ദനം. ഇന്ന് ഞാൻ സംസാരിക്കാൻ ആഗ്രഹിക്കുന്ന വിഷയം "ലോകസമാധാനം – ക്രൈസ്തവ വീക്ഷണത്തിൽ" എന്നതാണ്.

ഇന്ന് നാം ജീവിക്കുന്ന ലോകം നോക്കുമ്പോൾ, യുദ്ധങ്ങൾ, ഭീകരത, കുടുംബ തർക്കങ്ങൾ, മതവിദ്വേഷം, സ്വാർത്ഥത, പ്രതികാരം എന്നിവ ലോകത്തെ സമാധാനത്തിൽ നിന്ന് അകറ്റുന്നു. രാജ്യങ്ങൾ തമ്മിൽ സമാധാനക്കരാറുകൾ ഉണ്ടെങ്കിലും, **മനുഷ്യന്റെ ഹൃദയത്തിൽ സമാധാനം ഇല്ലെങ്കിൽ ലോകത്തിൽ യഥാർത്ഥ സമാധാനം ഉണ്ടാകുകയില്ല**.

ഒരു വലിയ ചോദ്യം നമുക്ക് മുന്നിലുണ്ട്: "ലോകത്തിൽ സമാധാനം എങ്ങനെ വരും?" ക്രൈസ്തവ വിശ്വാസം ഒരു വ്യക്തമായ മറുപടി നൽകുന്നു: **"ഹൃദയത്തിൽ ക്രിസ്തു വാഴുമ്പോഴാണ് യഥാർത്ഥ സമാധാനം ആരംഭിക്കുന്നത്."**

ഏശായാ 9:6 ഇപ്രകാരം പറയുന്നു: : "*സമാധാനത്തിന്റെ രാജാവ് എന്ന് അവൻ വിളിക്കപ്പെടും"* ***ഏശായാ 9:6*** യേശുക്രിസ്തു വെറും ഒരു മതനേതാവല്ല; അവൻ സമാധാനത്തിന്റെ പ്രഭു ആണ്. മനുഷ്യനും ദൈവവും തമ്മിലുള്ള അകലം നീക്കി മനുഷ്യഹൃദയത്തിൽ സമാധാനം നിറയ്ക്കുവാനാണ് ക്രിസ്തു ഈ ലോകത്തിൽ വന്നത്. **വി.ലൂക്കോസ് 2:14** -ൽ ദൂതന്മാർ പാടിയത്: *"അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി, ഭൂമിയിൽ സമാധാനം.."* അതിനർത്ഥം — യേശുവിന്റെ ജനനം ലോകസമാധാനത്തിനുള്ള ദൈവത്തിന്റെ സന്ദേശമാണ്.

ഒരിക്കൽ ഒരു രാജാവ് തന്റെ രാജ്യത്തിലെ ഏറ്റവും നല്ല ചിത്രം തിരഞ്ഞെടുക്കാൻ മത്സരം നടത്തി. പലരും മനോഹരമായ പർവ്വതങ്ങളും ശാന്തമായ തടാകങ്ങളും വരച്ചു. എന്നാൽ വിജയിച്ച ചിത്രം വ്യത്യസ്തമായിരുന്നു — വലിയ മഴയും ഇടിമിന്നലും പാറകൾക്കിടയിലൂടെ ഒഴുകുന്ന വെള്ളവും. എന്നാൽ ആ പാറയുടെ ഇടയിൽ ഒരു ചെറിയ കൂടിൽ ഒരു പക്ഷി സമാധാനത്തോടെ ഇരിക്കുകയായിരുന്നു. രാജാവ് പറഞ്ഞു: **"പുറത്ത് പ്രശ്നങ്ങളില്ലാത്തത് സമാധാനം അല്ല; പ്രശ്നങ്ങളുടെ നടുവിലും ഹൃദയത്തിൽ ശാന്തത നിലനിൽക്കുന്നതാണ് യഥാർത്ഥ സമാധാനം."** അതാണ് യേശു പറയുന്നത്. *"സമാധാനം നിങ്ങൾക്കായി ഞാൻ വച്ചിട്ടു പോകുന്നു. എന്റെ സമാധാനം ഞാൻ നിങ്ങൾക്ക് തരുന്നു. ലോകം തരുന്നത് പോലെയല്ല; ഞാൻ നിങ്ങൾക്ക് തരുന്നത്. നിങ്ങളുടെ ഹൃദയം കലങ്ങരുത്; ഭയപ്പെടുകയുമരുത്."* — **യോഹന്നാൻ 14:27** ക്രിസ്തു തരുന്ന സമാധാനം സാഹചര്യങ്ങളെ ആശ്രയിച്ചല്ല.

ഇന്ന് ലോകത്തിൽ പ്രശ്നങ്ങൾ ഉണ്ടാകുന്നത് പലപ്പോഴും ക്ഷമയില്ലായ്മയും അഹങ്കാരവും പ്രതികാര മനോഭാവവുമാണ്. എന്നാൽ യേശു നമ്മെ പഠിപ്പിച്ചത് വ്യത്യസ്തമാണ്. *"സമാധാനം വരുത്തുന്നവർ ഭാഗ്യവാന്മാർ, അവർ ദൈവമക്കൾ എന്ന് വിളിക്കപ്പെടും."* **വി. മത്തായി 5:9** ക്രൈസ്തവൻ സമാധാനം ആസ്വദിക്കുന്നവൻ മാത്രമല്ല, സമാധാനം ഉണ്ടാക്കുന്നവൻ കൂടിയാണ്. ഒരു കുടുംബത്തിൽ കലഹം ഉണ്ടെങ്കിൽ, അത് കൂട്ടുന്നവരല്ല നാം; സമാധാനം കൊണ്ടുവരുന്നവരാകണം. സമൂഹത്തിൽ വിദ്വേഷം വളർന്നാൽ, അത് പരത്തുന്നവരല്ല; സ്നേഹത്തിന്റെ പാലം പണിയുന്നവരാകണം.

ഒരു ചെറിയ കഥ: രണ്ടു സുഹൃത്തുക്കൾ തമ്മിൽ വലിയ തർക്കം ഉണ്ടായി. വർഷങ്ങളോളം അവർ സംസാരിച്ചില്ല. ഒരാൾ പിന്നീട് പറഞ്ഞു: "ഞാൻ അവനെ ക്ഷമിച്ചു; അതിനുശേഷമാണ് എനിക്ക് മനസ്സമാധാനം ലഭിച്ചത്." ഇതാണ് സത്യം. ക്ഷമിക്കാത്ത ഹൃദയത്തിൽ സമാധാനം താമസിക്കില്ല. *"നിങ്ങൾക്ക് കഴിവുള്ളിടത്തോളം എല്ലാ മനുഷ്യരോടും സമാധാനത്തോടെ വസിക്കണം"* — **റോമർ 12:18**

ലോകം സമാധാനപരമാകണം എന്ന് നാം ആഗ്രഹിക്കുന്നു. പക്ഷേ ചോദ്യം: നമ്മുടെ വീട്ടിൽ സമാധാനമുണ്ടോ? നമ്മുടെ ഹൃദയത്തിൽ സമാധാനമുണ്ടോ? നമ്മുടെ ബന്ധങ്ങളിൽ ക്ഷമയുണ്ടോ? ലോകസമാധാനം വലിയ രാഷ്ട്രീയ വേദികളിൽ തുടങ്ങുന്നില്ല; ഒരു വീട്ടിലെ പ്രാർത്ഥനയിൽ, ഒരു ഹൃദയത്തിലെ സ്നേഹത്തിൽ, ഒരു വ്യക്തിയുടെ ക്ഷമയിൽ ആണ് തുടങ്ങുന്നത്. **ഗലാത്യർ 5:22** *"ആത്മാവിന്റെ ഫലം... സ്നേഹം, സന്തോഷം, സമാധാനം."*

പ്രിയരേ, ലോകം യുദ്ധങ്ങളിൽ നിന്ന് മോചനം തേടുന്നു. എന്നാൽ ക്രൈസ്തവ വീക്ഷണം പറയുന്നത്: "മനുഷ്യഹൃദയം ദൈവത്തോട് ചേർന്നാൽ മാത്രമേ ലോകം സമാധാനത്തിലേക്ക് വരൂ." അതിനാൽ നാം ഇങ്ങനെ ജീവിക്കാം: ഹൃദയത്തിൽ ക്രിസ്തുവിന്റെ സമാധാനം സ്വീകരിക്കാം. കുടുംബത്തിൽ സ്നേഹവും ക്ഷമയും വളർത്താം. സമൂഹത്തിൽ സമാധാനത്തിന്റെ ദൂതന്മാരാകാം. *"ദൈവത്തിന്റെ സമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും ബോധങ്ങളെയും യേശുമിശിഹായിൽ കാത്തുകൊള്ളട്ടെ."* **ഫിലിപ്പിയർ 4:7** നമുക്ക് ലോകം മാറ്റാൻ കഴിയില്ലെന്ന് തോന്നാം; പക്ഷേ ഒരു ഹൃദയം മാറ്റാൻ കഴിയും — അത് നമ്മുടെ സ്വന്തം ഹൃദയമാണ്. അവിടെ നിന്ന് സമാധാനം ആരംഭിക്കട്ടെ. നന്ദി, നമസ്ക്കാരം. ജയ് ക്രൈസ്റ്റ്

**Kottayam Diocese** **Kottayam Diocese** **Kottayam Diocese**

---

## https://mjssakottayamdiocese.com/kalolsavam

------------------------------------------- ---

**Social Media Platforms of MJSSA Kottayam Diocese**

| | |
|---|---|
| ***Website*** | **http://www.mjssakottayamdiocese.com** |
| ***YouTube Channel*** | https://www.youtube.com/@MJSSAKOTTAYAMDIOCESE |
| ***Facebook*** | https://www.facebook.com/M.J.S.S.A.KottayamDiocese |
| ***e-mail*** | mjssakottayamdiocese@gmail.com |

**പ്രസംഗവിഷയവുമായി ബന്ധപ്പെട്ട് വിശുദ്ധ ഗ്രന്ഥത്തിൽ നിന്നുള്ള വാക്യങ്ങൾ ഇതൊടൊപ്പം നൽകുന്നു. ഇതിൽ നിന്നും ഉചിതമായ വാക്യങ്ങൾ കൂടി ഉൾപ്പെടുത്തി പ്രസംഗം കുട്ടികളുടെ രീതിയിൽ പുനർക്രമീകരിക്കുക.**

ലോകസമാധാനത്തെക്കുറിച്ചുള്ള ക്രൈസ്തവ വീക്ഷണം അവതരിപ്പിക്കാൻ സഹായിക്കുന്ന, ബൈബിളിലെ ഏറ്റവും പ്രസക്തമായ വചനങ്ങൾ താഴെ നൽകുന്നു. ഇവ നിങ്ങളുടെ പ്രസംഗത്തിൽ ഉൾപ്പെടുത്തുന്നത് പ്രസംഗത്തിന് ആഴവും വ്യക്തതയും നൽകും.

**1. സമാധാനത്തിന്റെ അടിസ്ഥാനം (യേശുക്രിസ്തു)**

**വി. യോഹന്നാൻ 14:27** *"സമാധാനം നിങ്ങൾക്കായി ഞാൻ വച്ചിട്ടു പോകുന്നു. എന്റെ സമാധാനം ഞാൻ നിങ്ങൾക്ക് തരുന്നു. ലോകം തരുന്നത് പോലെയല്ല; ഞാൻ നിങ്ങൾക്ക് തരുന്നത്. നിങ്ങളുടെ ഹൃദയം കലങ്ങരുത്; ഭയപ്പെടുകയുമരുത്."*

വിശദീകരണം: ലോകം നൽകുന്ന താൽക്കാലിക സമാധാനമല്ല, മറിച്ച് ക്രിസ്തു നൽകുന്ന ആത്മീയ സമാധാനമാണ് ലോകസമാധാനത്തിന്റെ അടിസ്ഥാനം.

**2. സമാധാനം സ്ഥാപിക്കുന്നവർക്കുള്ള വാഗ്ദാനം**

**വി. മത്തായി 5:9** *"സമാധാനം വരുത്തുന്നവർ ഭാഗ്യവാന്മാർ, അവർ ദൈവമക്കൾ എന്ന് വിളിക്കപ്പെടും."*

വിശദീകരണം: സമാധാനം കാംക്ഷിക്കുക മാത്രമല്ല, അത് സ്ഥാപിക്കാൻ പരിശ്രമിക്കുന്നവരാണ് ദൈവത്തിന്റെ മക്കൾ.

**3. ശത്രുവിനോടുള്ള മനോഭാവം**

**വി. മത്തായി 5:44** *"ഞാനോ നിങ്ങളോട് പറയുന്നു. നിങ്ങളുടെ ശത്രുക്കളെ സ്നേഹിക്കണം, നിങ്ങളെ ശപിക്കുന്നവനെ അനുഗ്രഹിക്കണം. നിങ്ങളെ വെറുക്കുന്നവർക്ക് നിങ്ങൾ നന്മ ചെയ്യണം. നിങ്ങളെ ബലാൽക്കാരമായി കൊണ്ട് പോയി പീഡിപ്പിക്കുന്നവർക്ക് വേണ്ടി നിങ്ങൾ പ്രാർത്ഥിക്കണം".*

വിശദീകരണം: സ്നേഹത്തിലൂടെയും ക്ഷമയിലൂടെയും മാത്രമേ ലോകത്ത് യുദ്ധങ്ങളും കലഹങ്ങളും അവസാനിപ്പിക്കാൻ കഴിയൂ.

**4. സമാധാനത്തിനായി പ്രയത്നിക്കുക**

**സങ്കീർത്തനങ്ങൾ 34:14**

" ദോഷത്തെ വിട്ടു മാറി ഗുണം ചെയ്യുക; സമാധാനത്തെ അന്വേഷിച്ച് അതിനെ പിന്തുടരുക."

വിശദീകരണം: സമാധാനം എന്നത് വെറുതെ ലഭിക്കുന്ന ഒന്നല്ല, അത് അന്വേഷിച്ചു കണ്ടെത്തേണ്ടതും നിലനിർത്തേണ്ടതുമാണ്.

**5. യുദ്ധമില്ലാത്ത ലോകത്തിന്റെ പ്രവചനം**

**ഏശായാ 2:4** " അവൻ ജാതികളുടെ ഇടയിൽ ന്യായം വിധിക്കുകയും വിദൂരസ്ഥരായ ബഹുജാതികളെ ശാസിക്കുകയും ചെയ്യും. ജാതി ജാതിക്കു നേരേ വാളോങ്ങുകയില്ല.അവർ ഇനി യുദ്ധം അഭ്യസിക്കയും ഇല്ല."

വിശദീകരണം: ആയുധങ്ങൾ ഉപേക്ഷിച്ച് കാർഷിക വൃത്തിയിലേക്കും വികസനത്തിലേക്കും ലോകം തിരിയണമെന്ന ദർശനം.

**6. സമാധാനത്തിന്റെ സുവിശേഷം**

**എഫേസ്യർ 2:14** "എന്തെന്നാൽ, അവനാകുന്നു നമ്മുടെ സമാധാനം. താൻ രണ്ടിനേയും ഒന്നാക്കി, മദ്ധ്യത്തിൽ സ്ഥിതി ചെയ്തിരുന്ന വേലി പൊളിക്കുകയും ചെയ്തു"

വിശദീകരണം: വംശീയവും വർഗ്ഗീയവുമായ വേർതിരിവുകൾ തകർക്കപ്പെടുമ്പോഴാണ് സമാധാനം പുലരുന്നത്.

**7. എല്ലാവരോടും സമാധാനത്തിൽ വർത്തിക്കുക**

**റോമർ 12:18** *"നിങ്ങൾക്ക് കഴിവുള്ളിടത്തോളം എല്ലാ മനുഷ്യരോടും സമാധാനത്തോടെ വസിക്കണം"*

വിശദീകരണം: വ്യക്തിപരമായ തലത്തിൽ സമാധാനം പുലർത്തുന്നത് ലോകസമാധാനത്തിലേക്കുള്ള ആദ്യ ചുവടുവെപ്പാണ്.

**8. വിശുദ്ധിയും സമാധാനവും**

**എബ്രായർ 12:14** "എല്ലാ മനുഷ്യരോടുമുള്ള സമാധാനത്തിന്റെയും, യാതൊന്നു കൂടാതെ ആർക്കും ദൈവത്തെ കാണുവാൻ സാദ്ധ്യമല്ലാത്ത ആ വിശുദ്ധിയുടെയും പിന്നാലെ ഓടിയെത്തുവിൻ."

വിശദീകരണം: സമാധാനവും ധാർമ്മികതയും പരസ്പര പൂരകങ്ങളാണ്.

**9. നീതിയുടെ ഫലം സമാധാനം**

**ഏശായാ 32:17** *"നീതിയുടെ പ്രവൃത്തി സമാധാനവും നീതിയുടെ ഫലം ശാശ്വത വിശ്രമവും നിർഭയത്വവും ആയിരിക്കും."*

വിശദീകരണം: ലോകത്ത് നീതി നടപ്പിലാകാതെ സമാധാനം സാധ്യമല്ല എന്ന യാഥാർത്ഥ്യം.

**10. സമാധാനം നൽകുന്ന ദൈവം**

**സംഖ്യാപുസ്തകം 6:26** "ദൈവം തിരുമുഖം നിന്റെ മേൽ ഉയർത്തി നിനക്കു സമാധാനം നൽകുമാറാകട്ടെ."

വിശദീകരണം: സമാധാനം എന്നത് ദൈവത്തിന്റെ ദാനമാണ് എന്ന പ്രാർത്ഥനയോടെ പ്രസംഗം ഉപസംഹരിക്കാൻ ഇത് സഹായിക്കും.

- **റോമർ 5:1** *"ഇങ്ങനെ വിശ്വാസം മൂലം നാം നീതീകരിക്കപ്പെട്ടിട്ടുള്ളതിനാൽ നമ്മുടെ കർത്താവേശുമ്ശീഹാമൂലം നമുക്ക് ദൈവസന്നിധിയിൽ സമാധാനമുണ്ടാകും."*
- **ഫിലിപ്പിയർ 4:6–7** *"ഒന്നിനെക്കുറിച്ചും നിങ്ങൾ വിചാരപ്പെടേണ്ട.... ദൈവത്തിന്റെ സമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും ബോധങ്ങളെയും യേശുമ്ശീഹായിൽ കാത്തുകൊള്ളട്ടെ."*
- **വി.ലൂക്കോസ് 2:14** - *"അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി, ഭൂമിയിൽ സമാധാനം.."*
- **ഗലാത്യർ 5:22** *"ആത്മാവിന്റെ ഫലം... സ്നേഹം, സന്തോഷം, സമാധാനം."*

ലോകസമാധാനം എന്നത് കേവലം യുദ്ധമില്ലാത്ത അവസ്ഥയല്ലെന്നും മറിച്ച് മനുഷ്യഹൃദയങ്ങളിൽ ദൈവസ്നേഹവും നീതിയും നിറയുന്ന അവസ്ഥയാണെന്നും വ്യക്തമാക്കുക.

"ഹൃദയത്തിൽ സമാധാനം → കുടുംബത്തിൽ സമാധാനം → സമൂഹത്തിൽ സമാധാനം → ലോകസമാധാനം"

Kottayam Diocese Kottayam Diocese Kottayam Diocese

---

**https://mjssakottayamdiocese.com/kalolsavam**

--------------------------------------- ---

| Category | Date of Birth | Time | Total Marks |
|---|---|---|---|
| Plus One, Plus Two | For Regular Students only | 5 Minutes | 100 |

| Scoring Indicators | Marks | | Scoring Indicators | Marks |
|---|---|---|---|---|
| ആമുഖം | 5 | | ഭാഷാശുദ്ധി | 10 |
| സഭാകമ്പമില്ലാതെ സംസാരിക്കുവാനുള്ള കഴിവ് | 10 | | ധാരാവാഹിതം Fluency | 10 |
| ആശയസ്പുടത | 40 | | സന്ദർഭോചിതമായ ശബ്ദ നിയന്ത്രണം | 10 |
| അക്ഷരസ്പുടത | 10 | | ഉപസംഹാരം | 5 |

കുട്ടികളുടെ സർഗ്ഗാത്മ കഴിവുകൾ പരിപോഷിപ്പിക്കുവാനുള്ള മികച്ച വേദിയാണ് കലോത്സവം. ഒരു പ്രസംഗം ആരും എഴുതി തരുവാനില്ല/ ലഭിക്കാനില്ല എന്ന കാരണത്താൽ ഒരു വിദ്യാർത്ഥിക്കും അവസരം നഷ്ടമാകരുത് എന്ന ചിന്തയിലാണ് ഈ ആശയം ക്രമീകരിച്ചത്.

പ്ലസ് 1, പ്ലസ് 2 വിഭാഗത്തിനുള്ള മാതൃക പ്രസംഗങ്ങൾ MJSSA കോട്ടയം ഭദ്രാസനത്തിന് വേണ്ടി തയ്യാറാക്കിയ **റവ.ഫാ.കെ.കെ.തോമസ് കറുകപ്പടിയിൽ, റവ.ഫാ.കുര്യൻ മാത്യു വടക്കേപ്പറമ്പിൽ** എന്നീ വൈദീകരോടുള്ള നന്ദി ഭദ്രാസന കമ്മിറ്റിക്ക് വേണ്ടി അറിയിക്കുന്നു. കുട്ടികൾ ഇവിടെ നൽകിയിട്ടുള്ള നാല് മാതൃക പ്രസംഗങ്ങളും വായിച്ച്, ആശയം നഷ്ടപ്പെടാതെ അദ്ധ്യാപകരുടെയും മാതാപിതാക്കളുടെയും സഹായത്തോടെ ഈ PDF ൽ നൽകിയിട്ടുള്ള വി.ഗ്രന്ഥത്തിൽ നിന്നുള്ള വാക്യങ്ങൾ കൂടി ഉൾപ്പെടുത്തി പ്രസംഗം പുനർക്രമീകരിക്കേണ്ടതാണ്. അതു വഴി ഒരേ മാതൃകയിൽ ഏവരും പ്രസംഗിക്കുന്നതും ഒഴിവാക്കാം. **Scoring Indicators** കൂടി മനസിലാക്കി മികച്ച രീതിയിൽ മത്സരത്തെ സമീപിക്കുവാൻ കുട്ടികൾക്ക് സാധിക്കട്ടെ. വിജയാശംസകൾ നേരുന്നു.

M.J.S.S.A KOTTAYAM DIOCESE

AVINESH ABRAHAM THANDASSERIL
DIRECTOR
M.J.S.S.A KOTTAYAM DIOCESE

**അവിനേഷ് തണ്ടാശ്ശേരിൽ**
ഭദ്രാസന ഡയറക്ടർ

## https://mjssakottayamdiocese.com/kalolsavam

**2026 ലെ MJSSA കലോത്സവത്തിന് ഉപയോഗിക്കേണ്ട ആരാധനാഗീതങ്ങൾ**

**----------------------**

## A. ആരാധനാഗീതം മലയാളം

## വി.കുർബ്ബാനക്രമം : സ്ലീബാ നമസ്ക്കാരം

**---------------------**

**Song No: 42**

**ഞാനെല്ലാം പരിശോധിച്ചു കർത്ത്യ....**

**https://youtu.be/qrpPabfC_Lk?si=9oBnaVRGup1x8iqG**

**Song No: 43**

**കർത്താവേ! കൃപ ചെയ്യണമേ മാതൃ.... https://youtu.be/IqIKXKrUs04**

## വി.കുർബ്ബാനക്രമം : കൃംതാ നമസ്ക്കാരം

-----------------------

**Song No: 44**

ഊ-നിന്നുത്ഥാനത്തിൻ നാൾ വംശത്തലയാം... **https://youtu.be/l6pRXN_s2Rc**

**Song No: 45**

നിൻ മുറിവുകളിന്നേറ്റേൻ മൂറോൻ... **https://youtu.be/VL--MFtWIRU**

**Song No: 46**

രക്ഷാകരനേ നിൻ്റെ മുഖം കാണ്മതിനു.... **https://youtu.be/vJFyYWM-33M**

**Song No: 47**

കർത്താവേയാശ്വാസം നൽക ഉത്ഥാനത്തിൻ....

**Version 1** **https://youtu.be/UbI2IkR9gx8**

**Version 2** **https://youtu.be/qyXn6_JuxFw**

**Song No: 48**

മഹിമയൊടാക്കബെറിന്നു പുറ-പ്പെട്ടീസൃഷ്ടികളെ... **https://youtu.be/aY1MGQ8XgkQ**

**Song No: 49**

നാഥാ! നിൻ രാജ്യത്തിൻ മഹിമാ... **https://youtu.be/W6v_YXcXoWw**

## വി.കുർബ്ബാന ഗീതങ്ങൾ

------------------

**Song No: 57**

അഗ്നിരഥത്തിൽ ആരോഹിതനാം ദൈവ... **https://youtu.be/33EHDew01Ug**

## വൈദീകരുടെ ശവസംസ്കാരം

-----------------------

**Song No: 91**

നശ്വരമാം വീടേ!- എന്തിനു മോഹിപ്പിച്ചെന്നെ... **https://youtu.be/JJ6xIlxg-68**

**Song No: 92**

സുവിശേ-ഷോൽസുകനായ നിൻമെയ് ... **https://youtu.be/JtYZQ20g9BQ**

**Song No: 93**

അ-ബ്രാമിൻ സുതനാമഹറോൻ... **https://youtu.be/m4DUBmffRxU**

**Song No: 94**

മൂശാനി നിബിതൻ മരണത്തിൻ ബഹുമാനാ... **https://youtu.be/dFzE1ymXI3w**

**Song No: 95**
ആചാര്യ - നിർമ്മ- ലചരിതാ സിദ്ധ-ഗണ... **https://youtu.be/TecX-tEq9xc**

**Song No: 96**
ശുചിയോടാ - ചാര്യാ -ർപ്പിതമാം ധൂപം... **https://youtu.be/b4M3Zeu34vY**

**Song No: 99**
രക്ഷകനേ! വാങ്ങിപ്പോ-യി നിന്നെ ശു-ശ്രൂഷി... **https://youtu.be/HgtbEI5XEJw**

**Song No: 100**
ഈ ആചാര്യന്നാശ്വാസം നൽകേണം നാഥാ!.... **https://youtu.be/e_ntR2gDGuA**

—
**@avinesh thandasseril, Director**

# B. ആരാധനാഗീതം സുറിയാനി

## വി.കുർബ്ബാന ഗീതങ്ങൾ

-----------------

**Song No: 53**
ഹോ ഏദോനൊ ദസ്-ലൂസോ ഹോ....
**Version 1** **https://youtu.be/1JsUvLr11UE**

**Version 2** **https://youtu.be/8Oj8xqtPRqQ**

## വൈദീകരുടെ ശവസംസ്കാരം

----------------------

**Song No: 91**
ഓ ഉമറൊ ദ്സബ്നൊ ല്മൂൻ എസ്കെൽ.... **https://youtu.be/6EaAES1Cufs**

**Song No: 93**
ല്ബേശ് ആഫൂദോ ദ്കൊാഹ്നൂസൊ അഹ്റൂൻ.. **https://youtu.be/TVgz3Yu7I3k**

**Song No: 97**
മോ ഫായോ ലോ ല്കൊാഹസൂസൊ മാക്കി... **https://youtu.be/4dr7T3i7kW0**

**Song No: 100**
ല്കൊാഹ് നോ ക് ആനീഹ് ബയ്നോസ്.... **https://youtu.be/UetrqMRnJQk**

**Website**

**https://www.mjssakottayamdiocese.com**

**Plz Subscribe the Channel for more videos**

**https://www.youtube.com/@MJSSAKOTTAYAMDIOCESE**

**2026 ലെ MJSSA കലോത്സവത്തിന് ഉപയോഗിക്കേണ്ട ആരാധനാഗീതങ്ങൾ**

**-----------------------**

MJSSA ക്രമീകരിച്ചു തന്ന തെരഞ്ഞെടുത്ത ആരാധനാഗീതങ്ങളിൽ നിന്നും 2026 ലെ കലോത്സവത്തിൽ ഉപയോഗിക്കുന്നതിനായി സിലബസ് പ്രകാരം, **ആരാധനാഗീതം മലയാളത്തിൽ Song No: 42 മുതൽ 65 വരെയും, 89 മുതൽ 100 വരെയുമുള്ള 35 ഗീതങ്ങളും, ആരാധനാഗീതം സുറിയാനിയിൽ Song No: 50, 53, 54, 57, 61, 62, 63, 90, 91, 93, 97, 100 എന്നീ പന്ത്രണ്ട് ഗീതങ്ങളുമാണ്** ഉപയോഗിക്കാവുന്നത്. ആയതിൽ ലഭ്യമായിട്ടുള്ള പാട്ടുകളുടെ ലിങ്ക് ഇതൊടൊപ്പം നൽകുന്നു.

**ശ്രദ്ധിക്കുക**

1. ഓരോ ഗീതവും അതാതു ശുശ്രൂഷകൾക്ക് പരി.സഭ നിഷ്കർഷിച്ചിരിക്കുന്ന രാഗങ്ങളിൽ (നിറം) മാത്രം ആലപിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. നിർബന്ധമായും നിറത്തിൽ ആലപിക്കേണ്ട ഗീതങ്ങളുടെ നിറം പാട്ടുബുക്കിൽ ഗീതത്തിന്റെ നമ്പറിന് ശേഷം നൽകിയിട്ടുണ്ട്.

2. രണ്ട് ഖണ്ഡികയോ, അതിലധികമോ ഉള്ള ഗീതങ്ങൾ യഥാക്രമം മൂന്ന് മിനിറ്റിൽ അവസാനിപ്പിക്കുന്ന രീതിയിൽ ഉപയോഗിക്കാവുന്നതാണ്.

പ്രസ്തുത ഗാനങ്ങൾ ക്രമീകരിക്കുന്നതിന് വേണ്ടി നേതൃത്വം നൽകിയ MJSSA ഭാരവാഹികൾക്കും കലോത്സവ കമ്മിറ്റി അംഗങ്ങൾക്കുമുള്ള നന്ദി അറിയിക്കുന്നു.

ഈ വർഷത്തെ കലോത്സവ ഗാനങ്ങൾ ഏവരിലേക്കും എത്തിച്ച് പരമാവധി പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് ശ്രമകരമായ യൂട്യൂബ് വീഡിയോകളും ഈ ലിങ്കും പൂർത്തിയാക്കിയിരിക്കുന്നത്. പരമാവധി കുട്ടികൾ പാട്ടുകൾ ശരിയായ വിധത്തിൽ പഠിച്ച് കലോത്സവത്തിലും മുന്നോട്ടുള്ള ജീവിതത്തിലും ഉപയോഗപ്രദമാകട്ടെ എന്ന് പ്രാർത്ഥിച്ചു കൊണ്ട്...




AVINESH ABRAHAM THANDASSERIL
DIRECTOR
M.J.S.S.A KOTTAYAM DIOCESE

**അവിനേഷ് തണ്ടാശ്ശേരിൽ**
കോട്ടയം ഭദ്രാസന ഡയറക്ടർ
**9061200790**


KOTTAYAM
19.05.2026